# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2434 — 08/12/2015-ൽ മറുപടിയ്ക്ക്

## ആദിവാസിക്ഷേമത്തിനായി കേന്ദ്രസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നല്കിയ തുക എത്രയെന്നും പദ്ധതി ഏതൊക്കെ യാണെന്നും വ്യക്തമാക്കുമോ; | (എ) | ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായ മായി നല്കിയ തുകയുടെയും പദ്ധതിയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ധനസഹായം അതേ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സ്ഥിതി യുണ്ടായിട്ടുണ്ടോ എങ്കിൽ പദ്ധതി വർഷം തിരിച്ചടച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാകുന്ന തുക കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കാൻ മാത്രമേ സർക്കാർ ഭരണാനുമതി നല്കുകയുള്ളൂ. കേന്ദ്രാവിഷ്കൃത/കേന്ദ്രസഹായ പദ്ധതികളിൽ ലഭിക്കുന്ന തുക അതത് വർഷം ലാപ്സാകുകയില്ല. ശേഷിക്കുന്ന തുക വരും വർഷങ്ങളിൽ ഉചിതമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചു വരുന്നു. |
| (സി) | ആദിവാസി സമൂഹത്തിന് എന്തൊക്കെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചതെന്ന് വിശദമാക്കുമോ ? | | |

Tamy P.S

സെക്ഷൻ ഓഫീസർ